
# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 Issue No. 9 September 2024 Rs. 15/-





# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 67 Issue No. 9 September 2024 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. കച്ചേരിക്കാര്യം
   - വാർഷികധ്യാനം (ബാച്ച് 5)

6. നിര്യാതരായി

11. വാർത്തകളും വിശേഷങ്ങളും

12. AICO

13. വിശ്വാസപരിശീലന കേന്ദ്രം

15. ഫാമിലി അപ്പോസ്റ്റലേറ്റ്

17. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

21. നൈപുണ്യ ഇന്റർനാഷണൽ

23. കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി

23. കെ.സി.എസ്.എൽ.

24. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Moothedan Gheevarghese, Meloor | | | 2-9-1903 |
| Fr. Pudissery Louis, Vaikom | 1890 | 1919 | 2-9-1975 |
| Fr. Thekkeperayil Joseph, Vaikom | 1926 | 1955 | 2-9-2008 |
| Fr. Vadakumchery Joseph, Rajagiri | 1929 | 1952 | 2-9-2014 |
| Fr. Payyappilly Antony, Aluva | 1930 | 1955 | 3-9-2005 |
| Fr. Kudiyiruppil Jacob, Mattoor | 1893 | 1922 | 4-9-1978 |
| Fr. Pallippadan Joseph, Manjapra | 1933 | 1961 | 4-9-2003 |
| Fr. Payyappilly Ouseph, Akaparambu | 1880 | 1905 | 5-9-1961 |
| Fr. Mekkunnel Paulose, Nakapuzha | 1883 | 1911 | 6-9-1956 |
| Fr. Annassery Joseph, Vaikom | 1901 | 1930 | 6-9-1958 |
| Fr. Manjaly Kuriakose, Kanjoor | 1924 | 1953 | 6-9-2004 |
| Fr. Thachil Paul, Kuthiathodu | 1897 | 1922 | 7-9-1971 |
| Fr. Airookkaran Paul, Sehiyonpuram | 1932 | 1959 | 7-9-1994 |
| Fr. Parakkal Devassy, Kizhakkambalam | 1887 | 1915 | 8-9-1965 |
| Fr. Thattil Varghese, Chowara | 1941 | 1967 | 8-9-2006 |
| Fr. Thachil Joseph, N. Kuthiathode (New) | 1938 | 1964 | 8-9-2016 |
| Archbishop Joseph Chennoth, Kokkamangalam | 1943 | 1969 | 8-9-2020 |
| Fr. Valliarumpeth (Panakal) Joseph, Vallakom | 1864 | 1895 | 9-9-1930 |
| Fr. Vettikkappilly Jacob, Vaikom | 1856 | 1897 | 9-9-1930 |
| Fr. Thaliath Joseph, Puthenpally | 1882 | 1908 | 10-9-1952 |
| Fr. Moonjely Thomas, Puthenpally | 1888 | 1913 | 10-9-1970 |
| Fr. Thaliath Varkey TOCD, Puthenpally | 1837 | 1865 | 11-9-1926 |
| Fr. Paremakkal Joseph, Vadayar | 1892 | 1919 | 11-9-1955 |
| Fr. Vattoly Thomas, Kadukutty | 1893 | 1925 | 13-9-1954 |
| Fr. Puthiyaveliyil Thomas, Chalil | 1933 | 1962 | 13-9-2011 |
| Fr. Nangelimalil Joseph, Pulluvazhy | 1941 | 1969 | 14-9-2022 |
| Fr. Kandathil Thomas, Chempu | 1903 | 1933 | 16-9-1984 |
| Fr. Palathunkal Paulose, Thripunithura | 1874 | 1902 | 19-9-1947 |
| Fr. Chirackal Manavalan Varghese, Kuthiathode (Old) | 1907 | 1932 | 21-9-1975 |
| Fr. Valavi Joseph, Ernakulam | 1950 | 1977 | 22-9-2021 |
| Fr. Kudiyiruppil Gervasis, Mattoor | 1859 | 1894 | 23-9-1942 |
| Fr. Kandathil Anthapai, Chembu | 1900 | 1930 | 24-9-1972 |
| Fr. Manjooran Raphael TOCD, Chakkarakadavu | 1852 | 1879 | 25-9-1918 |
| Fr. Thottunkal Mathew, Pazhanganad | 1911 | 1949 | 25-9-1974 |
| Fr. Thottappilly Mathew, Vadayar | 1945 | 1975 | 25-9-1993 |
| Fr. Vadakumchery Kuriakose, Manjapra | 1902 | 1930 | 26-9-1973 |
| Fr. Puthenangady Paul, Chowara | 1950 | 1974 | 29-9-2013 |
| Fr. Paravara Peter, Thripunithura | 1906 | 1935 | 30-9-1974 |

# കച്ചേരിക്കാര്യം

## വൈദികരുടെ വാർഷിക ധ്യാനം

തക്ക കാരണങ്ങളാൽ വാർഷികധ്യാനത്തിന്റെ ഏതെങ്കിലുമൊരു ബാച്ചിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ അക്കാര്യം അതിരൂപതാ കച്ചേരിയിൽ മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങിയശേഷം **ഡിസംബർ 31– ാം തീയതി** ക്കകം ധ്യാനത്തിൽ സംബന്ധിച്ച് വിവരം അതിരൂപതാ കച്ചേരിയെ അറിയിക്കേണ്ടതാണ് (*അതിരൂപതനിയമസംഹിത 2009,* പേജ് 44, 30 (ii)).

**ബാച്ച് – 5**

**സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോം, എടക്കുന്ന്**

**സെപ്റ്റംബർ 15 – 20 റവ. ഫാ. ഫ്രാൻസിസ് ക്രിസ്റ്റി Ofm Cap.**

---

## വയനാട് പുനരധിവാസ പദ്ധതി

വയനാട് ദുരന്തത്തിൽ ഭവനരഹിതരായ സഹോദരങ്ങൾക്കായി നമ്മുടെ അതിരൂപത ഏറ്റെടുത്തു നടപ്പാക്കാനുദ്ദേശിക്കുന്ന ഭവന നിർമാണ പദ്ധതിയിലേക്ക് 2024 ഓഗസ്റ്റ് 28 വരെ 121 ഇടവകകളിൽ നിന്നായി 1,12,14,377.00 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇനിയും സംഭാവന നൽകാൻ ആഗ്രഹിക്കുന്ന ഇടവകകൾ എത്രയുംവേഗം പ്രസ്തുത തുക സഹൃദയയിൽ എത്തിക്കുമല്ലോ.

മാനന്തവാടി രൂപതാ സാമൂഹ്യപ്രവർത്തന വിഭാഗത്തിന്റെ സഹകരണത്തോടെ അർഹതപ്പെട്ട കുടുംബങ്ങളെ കണ്ടെത്തി നമ്മുടെ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഭവനങ്ങൾ നിർമിച്ചു നൽകുന്നതിനും അതിന്റെ താക്കോൽദാനം നമ്മുടെ അതിരൂപതയുടെ ആഭിമുഖ്യത്തിൽതന്നെ നടത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.



# നിര്യാതരായി

## ഫാ. ജോസഫ് പുതുശ്ശേരി (M)



**ജനനം: 04-11-1936**
**തിരുപ്പട്ടം: 11-03-1966**
**മരണം: 15-08-2024**

ബഹുമാനപ്പെട്ട പുതുശ്ശേരി ജോസഫ് അച്ചൻ 1936 നവംബർ 04-ാം തീയതി മറ്റൂർ ഇടവകയിൽ പുതുശ്ശേരി പരേതരായ ഔസേഫ്-ഏലീശ്വ ദമ്പതികളുടെ ആറ് മക്കളിൽ ഒരാളായി ജനിച്ചു. പരേതരായ സി. ബെർട്ടില്ല സി.എം.സി., സെലിൻ എന്നിവരും റോസി, ഫാ. വർഗ്ഗീസ് പുതുശ്ശേരി സി.എം.ഐ., തോമസ് എന്നിവരും സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി 1966 മാർച്ച് 11-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു. അതിരൂപതയിലെ തുറവൂർ നോർത്ത്, മഞ്ഞപ്ര എന്നീ പള്ളികളിൽ സഹവികാരിയായും മേയ്ക്കാട്, ചെങ്ങമനാട്, കരയാംപറമ്പ്, വാതക്കാട്, വടയാർ, കണ്ടനാട്, കിടങ്ങൂർ, കൊതവറ, വല്ലം, ആലങ്ങാട്, ചക്കരക്കടവ് എന്നിവിടങ്ങളിൽ വികാരിയായും വല്ലകം പള്ളിയിൽ പ്രീസ്റ്റ് ഇൻ ചാർജ് ആയും ജോസഫ് അച്ചൻ സേവനം ചെയ്തിട്ടുണ്ട്. വിവിധ ഇടവകകളിലെ അജപാലനശുശ്രൂഷകൾക്കു ശേഷം സഹോദരൻ തോമസിന്റെ ഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ബഹുമാനപ്പെട്ട ജോസഫ് അച്ചൻ, 87-ാം വയസ്സിൽ, 2024 ആഗസ്റ്റ് 15-ാം തീയതി, വ്യാഴാഴ്ച, വാർദ്ധക്യസഹജമായ അസുഖങ്ങളാൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോസഫ് പുതുശ്ശേരി അച്ചന്റെ മൃതദേഹം 2024 ആഗസ്റ്റ് 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ മറ്റൂർ-പിരാരൂരിലുള്ള സഹോദരൻ തോമസിന്റെ ഭവനത്തിൽ

പൊതുദർശനത്തിനു വച്ചു. ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി. ഉച്ചയ്ക്ക് 12.00 മണിക്ക് ഭവനത്തിൽനിന്നും ജോസഫ് അച്ചന്റെ മൃതദേഹം മറ്റൂർ സെന്റ് ആന്റണീസ് ദേവാലയത്തിലേക്ക് കൊണ്ടുവന്നു. മേജർ ആർച്ചുബിഷപ്പും അതിരൂപതാദ്ധ്യക്ഷനുമായ മാർ റാഫേൽ തട്ടിൽ പിതാവാണ് ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. ജോസഫ് പുതുശ്ശേരി അച്ചനിലൂടെ ദൈവം നൽകിയ എല്ലാ നന്മകൾക്കും റാഫേൽ തട്ടിൽ പിതാവ് നന്ദി പറഞ്ഞു. ജോസഫ് അച്ചന്റെ കുടുംബത്തോടുള്ള സീറോ മലബാർസഭയുടേയും എറണാകുളം-അങ്കമാലി അതിരൂപതയുടേയും കടപ്പാടും അനുശോചനവും തട്ടിൽ പിതാവ് അറിയിച്ചു.

ഉച്ചകഴിഞ്ഞ് 2.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗം ആരംഭിച്ചു. ജോസഫ് അച്ചന്റെ സഹോദരൻ സി.എം.ഐ. സഭാംഗമായ ബഹുമാനപ്പെട്ട വർഗ്ഗീസ് പുതുശ്ശേരി അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. കാഞ്ഞൂർ ഫൊറോനാ വികാരി പെരിയ ബഹുമാനപ്പെട്ട ഫാ. ജോയി കണ്ണമ്പുഴ, ജോസഫ് അച്ചന്റെ ബാച്ചുകാരനായ ഫാ. ജോസ് തച്ചിൽ, മറ്റൂർ ഇടവകക്കാരായ ഫാ. വർഗ്ഗീസ് അറയ്ക്കൽ, ഫാ. ജോർജ് കാച്ചപ്പിള്ളി എന്നിവർ മദ്ബഹയിൽ സഹകാർമ്മികരായി.

അതിരൂപത സിഞ്ചെല്ലൂസ് മോൺസിഞ്ഞോർ ആന്റണി പെരുമായൻ അച്ചൻ ആമുഖ സന്ദേശം നൽകി. തണലിടം വെടിഞ്ഞ് മറ്റുള്ളവരുടെ പൊള്ളലുകൾ ഏറ്റുവാങ്ങിയ ഒരു ചോലമരമായിരുന്നു ജോസഫ് പുതുശ്ശേരിയച്ചൻ എന്നുസൂചിപ്പിച്ചുകൊണ്ടാണ് മോൺ. പെരുമായനച്ചൻ തന്റെ ആമുഖ സന്ദേശം ആരംഭിച്ചത്. ക്രിസ്തീയ പൗരോഹിത്യത്തിന്റെ കാതൽ സ്നേഹബന്ധത്തിന്റെ കൂട്ടായ്മയിൽ ദൈവജനത്തിന് സേവനം ചെയ്യലാണ്. രണ്ടു പള്ളികളിൽ സഹവികാരിയായും പതിനൊന്ന് പള്ളികളിൽ വികാരിയായും ഒരു പള്ളിയിൽ റെസിഡന്റ് പ്രീസ്റ്റ് ആയും ജോസഫ് അച്ചൻ സേവനം ചെയ്തു. ആശ്രയിക്കുന്നവർക്ക് ആശ്വാസത്തിന്റെ ഉറവിടമായിരുന്ന ജോസഫ് അച്ചൻ നല്ല ഒരു ഇടയനായിരുന്നു. കൊതവറയിലെ കോളേജ് കെട്ടിടങ്ങളും, വല്ലം പള്ളിയും, ദരിദ്രർക്ക് വീട് വച്ചുകൊടുക്കാൻ വടയാറിൽ ഭൂമിയും ദാനം ചെയ്ത ജോസഫ് അച്ചന്റെ ആത്മസമർപ്പണത്തിന്റെ നിത്യസ്മരണകളായി അവ നിലനിൽക്കും. ജോസഫ് അച്ചന്റെ പൈതൃകം അദ്ദേഹം നിർമ്മിച്ച

ഭൗതികഘടകങ്ങളിൽ അല്ല, അദ്ദേഹം സ്പർശിച്ച ജീവിതങ്ങളിലും സുഖപ്പെടുത്തിയ ഹൃദയങ്ങളിലും ആണ്. ദൈവസ്നേഹത്തിന്റെ വെളിച്ചം വിതറി വിശ്വാസവും വിശുദ്ധിയും മറ്റുള്ളവരിലേക്ക് പകർന്ന ബഹുമാനപ്പെട്ട ജോസഫ് അച്ചന്റെ ജീവിതം എല്ലാവർക്കും മാതൃക യാകട്ടെ എന്ന് മോൺ. പെരുമായനച്ചൻ കൂട്ടിച്ചേർത്തു.

ദൈവവിളികൾകൊണ്ട് സമ്പന്നമായ ഒരു കുടുംബത്തിൽ നിന്നാണ് ജോസഫ് അച്ചൻ വരുന്നതെന്നുസൂചിപ്പിച്ചുകൊണ്ടാണ് മോൺ സിഞ്ഞോർ വർഗീസ് ഞാളിയത്ത് അച്ചൻ തന്റെ വചന സന്ദേശം ആരംഭിച്ചത്. ജോസഫ് അച്ചന്റെ പിതാവ് അറിയപ്പെട്ടിരുന്നത് 'പുണ്യാ ളൻ പാപ്പു' എന്നാണ്. വിശുദ്ധമായ ഒരു ജീവിതം നയിച്ചതുകൊണ്ടാണ് ഈ പേരിൽ അദ്ദേഹം അറിയപ്പെട്ടിരുന്നതും. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മക്കളായ ജോസഫ് അച്ചൻ, ഫാദർ വർഗീസ് സി.എം. ഐ., സിസ്റ്റർ ബർട്ടില്ല സി.എം.സി., എന്നീ മൂന്ന് പേരെ വൈദിക സന്യാസജീവിതത്തിലേക്ക് ദൈവം വിളിച്ചു.

പുഞ്ചിരിയുടെ മനുഷ്യനായിരുന്നു ജോസഫ് അച്ചൻ. തന്നെ കണ്ടു മുട്ടിയവർക്കെല്ലാം തന്റെ പുഞ്ചിരി പകർന്നു നൽകിയിരുന്നു. ജോസ ഫച്ചൻ സഹോദരൻ തോമസിന്റെ ഭവനത്തിലാണ് വിശ്രമ ജീവിതം ചെലവഴിച്ചത്. സഹോദരൻ തോമസ് ഭാര്യ ഷൈല, മൂന്ന് പെൺമക്കൾ എന്നിവരാണ് അച്ചനെ ശുശ്രൂഷിച്ചിരുന്നത്. ജോസഫ് അച്ചന്റെ എല്ലാ കാര്യങ്ങളും നോക്കിനടത്താനും ആവശ്യമുള്ളത് ചെയ്തുകൊടുക്കു വാനും അവർ പരിശ്രമിച്ചിരുന്നു.

തന്റെ ഇടയ ശുശ്രൂഷയിൽ സത്യത്തിനും നീതിക്കും വേണ്ടി എപ്പോഴും ജോസഫ് അച്ചൻ നിലകൊണ്ടു. തന്റെ മാതാപിതാക്കളിൽ നിന്നും ലഭിച്ച സുകൃത ജീവിത മാതൃക അച്ചന് എന്നും മാർഗദീപമായിരുന്നു. വല്ലം പള്ളി പണി കഴിച്ചപ്പോൾ ആദ്യം കുറെ തടസ്സങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ, തന്റെ ശുശ്രൂഷയിലെ വ്യക്തതയും കൃത്യതയും എല്ലാ പണികളും പൂർത്തീകരിക്കാൻ അച്ചനെ സഹായിച്ചു. കൊതവറ യിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ അവരുടെ ആവശ്യം തിരിച്ച റിഞ്ഞു പൂർത്തിയാക്കാനാണ് അച്ചൻ ശ്രമിച്ചത്.

തന്റെ അധികാരികളോട് എപ്പോഴും വിധേയത്വം ഉള്ളവനായിരുന്നു ജോസഫ് അച്ചൻ. താൻ നിയോഗിക്കപ്പെട്ട ഇടങ്ങളിൽ ശുശ്രൂഷ

ചെയ്യാനും, എല്ലാവരോടും മാന്യമായി പെരുമാറാനും ജോസഫ് അച്ചന് കഴിഞ്ഞു. ഒരുപാടുപേർക്ക് ആത്മീയ ആചാര്യനായിരുന്നു ജോസഫ് അച്ചൻ. ഓരോരുത്തരുടെയും പ്രശ്നങ്ങൾ മനസ്സിലാക്കി ആത്മീയ കാര്യങ്ങളിൽ ഉണർവ് നേടാനുള്ള എല്ലാ വഴികളും അച്ചൻ പറഞ്ഞു കൊടുക്കുമായിരുന്നു. ഇടവക നവീകരണത്തിനുള്ള പ്രവർത്തനങ്ങൾ താനായിരിക്കുന്നിടത്തൊക്കെ ജോസഫ് അച്ചൻ ആവിഷ്കരിച്ച് നടപ്പിലാക്കി.

മനുഷ്യരെ സംബന്ധിച്ച് മരണം ഒരു പേടിസ്വപ്നമാണ്. എന്നാൽ, മരണമെന്ന സുനിശ്ചിതമായ യാഥാർത്ഥ്യത്തിന് എല്ലാവരും ഒരുക്കത്തോടെ ഇരിക്കണമെന്നത് എല്ലാവർക്കുമറിയാം. വിശുദ്ധ ഗ്രന്ഥത്തിലെ ഉല്പത്തി പുസ്തകം മുതൽ വെളിപാട് പുസ്തകം വരെ മരണമെന്ന യാഥാർത്ഥ്യത്തെ പറ്റി പറയുകയും വിവരിക്കുകയും ചെയ്യുന്നുണ്ട്. വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു: “പ്രത്യാശയില്ലാത്ത മറ്റുള്ളവർ ചെയ്യുന്നതുപോലെ നിങ്ങൾ ദുഃഖിക്കാതിരിക്കാൻ നിദ്ര പ്രാപിച്ചവരെ പറ്റി നിങ്ങൾക്ക് അറിവുണ്ടായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു” (1 തെസ് 4.13). മരണാനന്തര ജീവിതത്തിലേക്കുള്ള പ്രത്യാശയും പ്രതീക്ഷയുമാണ് നമ്മുടെ ക്രൈസ്തവ ജീവിതത്തിന് അർത്ഥം നൽകുന്നത്. നമ്മിൽ നിന്നും മരിച്ചു പോകുന്ന വ്യക്തി നമുക്ക് പകർന്നു നൽകിയിട്ടുള്ള ജീവിത മൂല്യങ്ങൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ പകർത്താൻ സാധിക്കുമ്പോഴാണ് മരിച്ചുപോയ വ്യക്തി നമ്മെ സ്വാധീനിച്ചിട്ടുണ്ട് എന്ന് പറയുവാൻ സാധിക്കുക. മരണം നമ്മുടെ കൂടെ നിൽക്കുന്ന യാഥാർത്ഥ്യമായി കാണുവാൻ സാധിക്കണം. തന്റെ 58 വർഷത്തെ പൗരോഹിത്യ ജീവിതത്തിലൂടെ ജോസഫ് അച്ചൻ പകർന്നു തന്ന മൂല്യങ്ങൾ നമുക്ക് സ്വന്തമാക്കാം. മാലാഖമാരുടെ ഗണത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന ജോസഫ് അച്ചന് നിത്യശാന്തി ലഭിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി മോൺ. ഞാളിയത്തച്ചൻ വചന സന്ദേശം അവസാനിപ്പിച്ചു.

മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്ത് അതിരൂപതയുടെ അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവാണ് മുഖ്യകാർമികത്വം വഹിച്ചത്. മാർ തോമസ് ചക്യേത്ത് പിതാവും, അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവും തിരുക്കർമ്മങ്ങൾക്ക് സഹകാർമികരായി. ജോസഫ് പുതുശ്ശേരി അച്ചൻ നല്ലൊരു ജീവിതം മാതൃക നൽകികൊണ്ടാണ് കടന്നുപോകുന്നതെന്നും, ഈ

പൗരോഹിത്യ മാതൃക എല്ലാവർക്കും പ്രചോദനം നൽകട്ടെ എന്നും ബോസ്കോ പിതാവ് പറഞ്ഞു. വിശ്രമ ജീവിതം നയിച്ചിരുന്നപ്പോൾ ജോസഫ് അച്ചനെ ശുശ്രൂഷിച്ചവർക്ക് നന്ദി പറഞ്ഞു. "സഹോദരാ, ഇതുവരെ ഞങ്ങൾ അങ്ങയെ അനുഗമിച്ചു. ഇനി സ്വർഗത്തിലെ ദൂതന്മാർ അങ്ങയെ സ്വർഗീയ പിതാവിന്റെ ഭവനത്തിലേക്ക് സ്വീകരിക്കുമാറാകട്ടെ" എന്ന് ആശംസിച്ചുകൊണ്ട് ജോസഫ് അച്ചന് ബോസ്കോ പിതാവ് നിത്യശാന്തി നേർന്നു.

ബഹുമാനപ്പെട്ട ജോസഫ് പുതുശ്ശേരി അച്ചൻ നൽകുന്ന ജീവിതമാതൃക മഹത്തരമാണ്. സ്നേഹ സഹനസേവനങ്ങളിലൂടെ തീപ്പന്തമായി വിരാജിച്ച് ദൈവസ്നേഹത്തിന്റെ വെളിച്ചം എല്ലാവർക്കും പകർന്നു നൽകിയ ബഹുമാനപ്പെട്ട ജോസഫ് പുതുശ്ശേരി അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ.

●



**സി. ടെസ്സി മരിയ കൂട്ടാല SABS**

എസ്.എച്ച്. അഡോറേഷൻ കോൺവെന്റ്, കൊരട്ടി

| | | |
|---|---|---|
| ജനനം | : | 17-10-1947 |
| വ്രതവാഗ്ദാനം | : | 03-05-1973 |
| മരണം | : | 18-08-2024 |



**സി. ബെനിസി CMC**

സെന്റ് ട്രീസാസ് കോൺവെന്റ്, കൂനമ്മാവ്

| | | |
|---|---|---|
| ജനനം | : | 23-03-1939 |
| വ്രതവാഗ്ദാനം | : | 19-06-1962 |
| മരണം | : | 17-08-2024 |



**സി. മാർട്ടിൻ CSN**

സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 29-03-1933 |
| വ്രതവാഗ്ദാനം | : | 19-03-1954 |
| മരണം | : | 04-08-2024 |

# വാർത്തകളും വിശേഷങ്ങളും

## മോൺ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരി കണ്ണൂർ സഹായ മെത്രാൻ

കണ്ണൂർ ലത്തീൻ കത്തോലിക്ക രൂപതയുടെ സഹായമെത്രാനായി മോൺ. ഡെന്നിസ് കുറുപ്പശ്ശേരിയെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. കോട്ടപ്പുറം രൂപതയിലെ പള്ളിപ്പുറം മഞ്ഞുമാത ബസിലിക്ക ഇടവകയിൽ കുറുപ്പശ്ശേരി സ്റ്റാൻലി ഷേർളി ദമ്പതികളുടെ മകനാണ്. പള്ളിപ്പുറം ഇടവകയിൽനിന്നുള്ള നാലാമത്തെ മെത്രാനാണ്. മാൾട്ടയിലെ അപ്പസ്തോലിക്ക് ന്യുൺഷ്വേച്ചറിൽ ഫസ്റ്റ് കൗൺസിലർ ആയി പ്രവർത്തിക്കുകയായിരുന്നു മോൺ. ഡെന്നീസ്. ആഫ്രിക്കയിലെ ബുറുണ്ടി, ഈജിപ്ത്, ചെക്ക് റിപ്പബ്ലിക്ക്, തായ്‌ലൻഡ്, യു.എസ്. എന്നീ രാജ്യങ്ങളിലെ വത്തിക്കാൻ കാര്യാലയങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്.

## പാപ്പായുടെ സന്ദർശനം ഏഷ്യൻ നാടുകളിൽ വിശ്വാസതരംഗം സൃഷ്ടിക്കും: കർദിനാൾ ചാൾസ് മൗങ് ബോ

സെപ്തംബർ 2 മുതൽ 13 വരെ ഇന്തോനേഷ്യ, പാപുവ ന്യൂ ഗിനിയ, ടിമോർ-ലെസ്റ്റെ, സിംഗപ്പൂർ എന്നിവിടങ്ങളിലേക്കുള്ള ഫ്രാൻസിസ് പാപ്പയുടെ നാല്പത്തിയഞ്ചാമത് അപ്പസ്തോലിക യാത്രയ്ക്കു മുന്നോടിയായി, ഏഷ്യയിൽ പാപ്പായുടെ സന്ദർശനത്തിന്റെ പ്രാധാന്യം അടിവരയിട്ടുകൊണ്ട് കർദിനാൾ ചാൾസ് മൗങ് ബോ സംസാരിച്ചു. മ്യാൻമറിലെ യാങ്കൂണിലെ ആർച്ച് ബിഷപ്പും, ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫറൻസുകളുടെ പ്രസിഡന്റുമാണ് കർദിനാൾ ബോ. മതവിശ്വാസം അതിന്റെ തീക്ഷ്ണതയിൽ ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന ഏഷ്യൻ ജനതയ്ക്ക് പാപ്പായുടെ സന്ദർശനം ഉണർവ് പ്രദാനം ചെയ്യുമെന്ന് കർദിനാൾ പറഞ്ഞു. മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുന്നവരാണെങ്കിൽപോലും, തങ്ങളുടെ വിശ്വാസജീവിതം അഭംഗുരം കാത്തുസൂക്ഷിക്കുവാൻ പരിശ്രമിക്കുന്നവരാണ് ഏഷ്യൻ ജനതയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# AICO

## (Archdiocesan Institutions' Central Office)

**ബജറ്റ് / ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ഓഗസ്റ്റ് 02 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ഓഗസ്റ്റ് 06 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ഓഗസ്റ്റ് 07 | മാർ ലൂയിസ് ബുക്ക് സെന്റർ |
| ഓഗസ്റ്റ് 08 | ഭാരത മാതാ കോളേജ് ഓഫ് കോമേഴ്സ് & ആർട്സ്, ചൂണ്ടി |
| ഓഗസ്റ്റ് 26 | സത്യദീപം പബ്ലിക്കേഷൻസ്, എറണാകുളം |
| ഓഗസ്റ്റ് 27 | ലിസി മെഡിക്കൽ & എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| ഓഗസ്റ്റ് 28 | സോഷ്യൽ വെൽഫെയർ സെന്റർ, കളമശ്ശേരി |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ജൂലൈ 26 | 1. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി<br>2. നിവേദിത, ചുണങ്ങംവേലി |
| ജൂലൈ 27 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ഓഗസ്റ്റ് 01 | 1. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി<br>2. ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഓഗസ്റ്റ് 09 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ഓഗസ്റ്റ് 12 | ഹോളി ഫാമിലി ചർച്ച്, മങ്കുഴി |
| ഓഗസ്റ്റ് 14 | സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി |
| ഓഗസ്റ്റ് 17 | സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി |
| ഓഗസ്റ്റ് 21 | 1. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി<br>2. നൈപുണ്യ കോളേജ്, പൊങ്ങം |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# വിശ്വാസപരിശീലനകേന്ദ്രം

I. 2024-2025 അധ്യയനവർഷത്തിലെ റസിഡൻഷ്യൽ കോഴ്സ് തീയതികളും മറ്റുവിവരങ്ങളും:

ഒന്നാംവർഷ ഡിപ്ലോമ:

2024 സെപ്റ്റംബർ 20, 21, 22 - ഒന്നാംവർഷ ഡിപ്ലോമ - 1st Session (സെപ്റ്റംബർ 20-ന് വൈകിട്ട് 6.00-ന് കുട്ടികൾ എത്തിച്ചേരുന്നു).
2025 മെയ് 03, 04 - ഒന്നാംവർഷ ഡിപ്ലോമ - 2nd Session

രണ്ടാംവർഷ ഡിപ്ലോമ:

2024 ഒക്ടോബർ 11, 12, 13 - രണ്ടാംവർഷ ഡിപ്ലോമ - 1st Session (ഒക്ടോബർ 11-ന് വൈകിട്ട് 6.00-ന് കുട്ടികൾ എത്തിച്ചേരുന്നു)
2025 ഏപ്രിൽ 05, 06 - രണ്ടാംവർഷ ഡിപ്ലോമ - 2nd Session

സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാൻ വേണ്ടി Website: www.catechismernakulam.com-ൽ Diploma Residential Course എന്ന Menu-ൽ ക്ലിക്ക് ചെയ്യുക, Search ചെയ്യുക.

II. 2024 സെപ്റ്റംബർ മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:

01 ഞായർ : എൻലൈറ്റ് - കൊരട്ടി ഫൊറോന
01 ഞായർ : എലൈവ് - മൂക്കന്നൂർ ഫൊറോന
08 ഞായർ : എലൈവ് - തൃപ്പൂണിത്തുറ ഫൊറോന
21 ശനി : എൻലൈറ്റ് - ഇടപ്പള്ളി ഫൊറോന
22 ഞായർ : എലൈവ് - കൊരട്ടി ഫൊറോന

III. Basic Orientation Course (BOC): വിശ്വാസപരിശീലനരംഗത്ത് പുതിയതായി ശുശ്രൂഷ ചെയ്യുന്ന അതിരൂപതയിലെ വിശ്വാസ പരിശീലകർക്കുവേണ്ടി ആഗസ്റ്റ് മാസം 25, 26 (ഞായർ, തിങ്കൾ) തീയതികളിലായി കലൂർ റിന്യുവൽ സെന്ററിൽ BOC സംഘടിപ്പിച്ചു. 189 വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തു.

IV. പരിശുദ്ധ മാതാവിന്റെ സ്വർഗാരോപണത്തിരുനാളിനോട് അനുബന്ധമായി അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രം LP, UP വിഭാഗങ്ങളിലെ ക്ലാസ്സുകാർക്കായ് 'ഈശോയുടെ അമ്മ, കുട്ടികൾക്ക് മാതൃകയും വഴികാട്ടിയും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗമത്സരം നടത്തി.

V. 'പ്രാർത്ഥനയിൽ വളരാം' എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രം വിശ്വാസപരിശീലകർ, കുട്ടികൾ, മാതാപിതാക്കൾ, സമർപ്പിതർ, ബ്രദേഴ്സ്, ഇടവകാംഗങ്ങൾ എന്നിവർക്കായി Action Song Competition നടത്തി.

VI. 2024 ആഗസ്റ്റ് മാസത്തിൽ നടന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:

03 ശനി : എൻലൈറ്റ് - വൈക്കം ഫൊറോന
04 ഞായർ: എലൈവ് - പള്ളിപ്പുറം ഫൊറോന
04 ഞായർ: എൻലൈറ്റ് - ചേർത്തല ഫൊറോന
11 ഞായർ: എൻലൈറ്റ് - പറവൂർ ഫൊറോന
11 ഞായർ: എലൈവ് - മൂഴിക്കുളം ഫൊറോന
18 ഞായർ: എലൈവ് - കാഞ്ഞൂർ ഫൊറോന
18 ഞായർ: എൻലൈറ്റ് - മഞ്ഞപ്ര ഫൊറോന
20 ചൊവ്വ : എൻലൈറ്റ് - മൂക്കന്നൂർ ഫൊറോന
25 ഞായർ: എൻലൈറ്റ് - വല്ലം ഫൊറോന
25 ഞായർ: എലൈവ് - കിഴക്കമ്പലം ഫൊറോന
26 തിങ്കൾ : എൻലൈറ്റ് - അങ്കമാലി ഫൊറോന
28 ബുധൻ : എൻലൈറ്റ് - കറുകുറ്റി ഫൊറോന

എലൈവ് & എൻലൈറ്റ് പ്രോഗ്രാമുകൾ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസ പരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074644
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

## 2024 സെപ്റ്റംബർ – ഒക്ടോബർ

### വിവാഹഒരുക്ക ധ്യാനം (MPR)

സെപ്റ്റംബർ 03-05 (കാലടി)
സെപ്റ്റംബർ 09-11 (കാലടി)
സെപ്റ്റംബർ 16-18 (കലൂർ)
സെപ്റ്റംബർ 24-26 (കാലടി)

ഒക്ടോബർ 01-03 (കാലടി)
ഒക്ടോബർ 07-09 (കലൂർ)
ഒക്ടോബർ 15-17 (കാലടി)
ഒക്ടോബർ 21-23 (കലൂർ)
ഒക്ടോബർ 29-31 (കാലടി)

NB: വിവാഹ ഒരുക്കധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

സെപ്റ്റംബർ 06-08 (20 ദമ്പതികൾക്ക് മാത്രം)

### ദമ്പതീധ്യാനം (Contact: 8078334522)

സെപ്റ്റംബർ 19-22 (20 ദമ്പതികൾക്ക് മാത്രം)

### വിധവാധ്യാനം (Contact: 9400929111)

സെപ്റ്റംബർ 27-29

### പാരന്റിംഗ് സെമിനാർ (മതബോധനം)

സെപ്റ്റംബർ 01 – അശോകപുരം
സെപ്റ്റംബർ 08 – മറ്റൂർ
സെപ്റ്റംബർ 29 – തേവക്കൽ

### സ്നേഹജ്വാല (ദാമ്പത്യപരിപോഷണ പരിശീലനം)

ആഗസ്റ്റ് 30 – സെപ്റ്റം. 01 – ആനപ്പാറ
സെപ്റ്റംബർ 20-22 – തുറവൂർ
സെപ്റ്റംബർ 27-29 – അങ്കമാലി ബസിലിക്ക

## ആനിമേറ്റർ സിസ്റ്റേഴ്സ് ട്രെയ്നിംഗ്

കുടുംബപ്രേഷിതശുശ്രൂഷയ്ക്ക് ഇടവകതലത്തിൽ നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ആനിമേറ്റർ സിസ്റ്റേഴ്സിനുള്ള പരിശീലനപരിപാടി നാല് മേഖലകളിലായി നടത്തിവരുന്നു. സൗത്ത്, സെൻട്രൽ മേഖലകളിലെ പരിശീലന പരിപാടികൾ ജൂലൈ മാസത്തിൽ നടത്തി.

## വിവാഹോത്സവ്, 2024

**1974, 1999** വർഷങ്ങളിൽ വിവാഹിതരായ അതിരൂപതയിലെ ജൂബിലേറിയൻ ദമ്പതികളെ ആദരിക്കുന്ന വിവാഹോത്സവ് സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ ഫൊറോനാ തലത്തിൽ നടത്തുന്നു.

ഓരോ ഫൊറോനയുടെയും തീയതി ശ്രദ്ധിക്കുമല്ലോ

## ഫൊറോനതല വിവാഹോത്സവ് തീയതികൾ:

| | | |
|---|---|---|
| സെപ്റ്റംബർ | 07 | - കൊരട്ടി, മഞ്ഞപ്ര |
| സെപ്റ്റംബർ | 14 | - അങ്കമാലി, മൂഴിക്കുളം |
| സെപ്റ്റംബർ | 21 | - മൂക്കന്നൂർ, കറുകുറ്റി |
| സെപ്റ്റംബർ | 28 | - കാഞ്ഞൂർ, വല്ലം |
| ഒക്ടോബർ | 05 | - ഇടപ്പള്ളി, കിഴക്കമ്പലം |
| ഒക്ടോബർ | 12 | - എറണാകുളം, പറവൂർ |
| ഒക്ടോബർ | 19 | - തൃപ്പൂണിത്തുറ, വൈക്കം |
| ഒക്ടോബർ | 26 | - പള്ളിപ്പുറം, ചേർത്തല |

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## വയനാട് ദുരിതബാധിതർക്ക് സഹായഹസ്തം

വയനാട്ടിലെ ദുരിതബാധിതർക്ക് അതിരൂപതയുടെ സഹായഹസ്തം പ്രകൃതി ദുരന്തത്തിൽ വിറങ്ങലിച്ച് നിൽക്കുന്ന വയനാട്ടിലെ ദുരിത ബാധിതർക്കായി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിലും സ്ഥാപനങ്ങളി ലും നിന്ന് സമാഹരിച്ച 10 ടണ്ണിലേറെ ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ നിത്യോപയോഗസാമഗ്രികൾ എന്നിവ എത്തിച്ചു നൽകി. ആദ്യഘട്ട ദുരിതാശ്വാസപ്രവർത്തനങ്ങളിൽ സഹൃദയയിൽ നിന്നുള്ള സന്നദ്ധ പ്രവർത്തകരും പങ്കെടുത്തു. ദുരിതബാധിതരെ സന്ദർശിച്ചു സഹൃദയയിലെ വൈദീകർ കൗൺസിലിംഗ് സേവനവും നൽകി.

## വീട് നഷ്ടപ്പെട്ടവർക്ക് ഭവനനിർമാണ പദ്ധതിയുമായി സഹൃദയ

വയനാട് ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് അതിരൂപത സഹൃദയയുടെ നേതൃത്വത്തിൽ ഭവനങ്ങൾ നിർമിച്ചു നൽകുന്നു. മാനന്തവാടി രൂപത സാമൂഹ്യപ്രവർത്തനവിഭാഗത്തിന്റെ സഹകരണത്തോടെ അർഹരായ വരെ കണ്ടെത്തി അതിരൂപതയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ തന്നെ ഭവന നിർമാണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഇടവകകളിൽനിന്നുള്ള സാമ്പത്തിക സഹായങ്ങൾ സമാഹരിച്ചുവരുന്നു.

## വിമൻ എംപവർമെന്റ് ക്ലാസ്സ്

സഹൃദയ ഇറ്റാലിയൻ ബിഷപ്പ് കോൺഫ്രൻസുമായി സഹകരിച്ച് നടപ്പാക്കുന്ന വിമൻ എംപവർമെന്റ് പദ്ധതിയുടെ ഭാഗമായി 'സ്ത്രീ ശാക്തീകരണവും, ബിസിനസ് ഡെവലപ്പ്മെന്റും' എന്ന വിഷയത്തെ ക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് തോപ്പിൽ (തൃപ്പൂണിത്തുറ), വൈക്കം, കൊങ്ങോർപ്പിള്ളി, കാതിക്കുടം, തെങ്ങോട്, കരുമാലൂർ, കച്ചേരിപ്പടി, നീണ്ടൂർ, പുത്തൻപള്ളി, കോക്കമംഗലം, നീറിക്കോട് എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

## സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം

കൊങ്ങോർപ്പിള്ളി, കാതിക്കുടം, കണ്ടനാട്, നീണ്ടൂർ, കോക്കമംഗലം, അശോകപുരം ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

## ക്രെഡിറ്റ് ക്യാമ്പുകൾ

സഹൃദയയുടെ മൈക്രോ ഫിനാൻസ് വിഭാഗമായ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ ഒറ്റപ്പുന്ന, കാവിൽ, തിരുനല്ലൂർ, കൊല്ലക്കോട്, ചുള്ളി, കുറ്റിപ്പാറ, കച്ചേരിപ്പടി, ഉദയനാപുരം, പഴങ്ങനാട്, പെരുമ്പാവൂർ, സൗത്ത് ചമ്പന്നൂർ, ജോസ്പുരം, കാഞ്ഞൂർ, സൗത്ത് വെള്ളാരപ്പള്ളി, പൊതിയക്കര, പുതുവാശേരി, മൂഴിക്കുളം, കാടുകുറ്റി, വാളൂർ, മൂക്കന്നൂർ എന്നീ ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പ് നടത്തി.

വാളൂർ, കാടുകുറ്റി വില്ലേജുകളിലെ 19 സംഘം അംഗങ്ങൾക്കായി 9,20,000 രൂപയും, ജോസ് പുരം, സൗത്ത് ചമ്പന്നൂർ വില്ലേജുകളിലെ 12 അംഗങ്ങൾക്കായി 7,20,000-രൂപയും, പെരുമ്പാവൂർ വില്ലേജിലെ 6 അംഗങ്ങൾക്കായി 4,80,000/രൂപയും, മൂഴിക്കുളം, പുതുവാശേരി വില്ലേജുകളിലെ 24 അംഗങ്ങൾക്കായി 15,30,000 രൂപയും, ഒറ്റപ്പുന്ന, തിരുനല്ലൂർ, കാവിൽ വില്ലേജുകളിലെ 19 അംഗങ്ങൾക്കായി 12,70,000 രൂപയും, പഴങ്ങനാട് വില്ലേജിലെ 26 അംഗങ്ങൾക്കായി 12,85,000 രൂപയും, ഉദയനാപുരം വില്ലേജിലെ 5 അംഗങ്ങൾക്കായി 3,50,000 രൂപയും, കൊല്ലക്കോട്, ചുള്ളി, കുറ്റിപ്പാറ വില്ലേജുകളിലെ 28 അംഗങ്ങൾക്കായി 14,50,000 രൂപയും, കച്ചേരിപ്പടി വില്ലേജിലെ 9 അംഗങ്ങൾക്കായി 4,20,000 രൂപയും, കാഞ്ഞൂർ, സൗത്ത് വെള്ളാരപ്പള്ളി, പൊതിയക്കര വില്ലേജുകളിലെ 31 അംഗങ്ങൾക്കായി 13,50,000 രൂപയും, മൂക്കന്നൂർ വില്ലേജിലെ 19 അംഗങ്ങൾക്കായി 13,70,000 രൂപയും വിവിധ സ്വയം തൊഴിൽ പദ്ധതികൾക്കായി വായ്പ നൽകി.

## ബ്യൂട്ടി അസിസ്റ്റന്റ് പരിശീലനം

കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻശിക്ഷൻ സൻസ്ഥാൻ എറണാകുളത്തിന്റെ സഹകരണത്തോടെ സഹൃദയ ക്യാമ്പസിൽ ബ്യൂട്ടി അസിസ്റ്റന്റിന്റെ 80 പ്രവർത്തി ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി ആരംഭിച്ചു. 20 പരിശീലനാർത്ഥികളാണ് പങ്കെടുക്കുന്നത്.

## സഹൃദയ ആനിമേറ്റേഴ്സ് മീറ്റിംഗ്, ഫെഡറേഷൻ ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാം

അങ്കമാലി, കാലടി, പറവൂർ, എറണാകുളം, ചേർത്തല, മേഖലാതല സഹൃദയ ആനിമേറ്റേഴ്സ് മീറ്റിംഗിനൊപ്പം ഫെഡറേഷൻ ലീഡർമാർക്കുള്ള പരിശീലന പരിപാടിയും നടത്തി.

**ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി. അകപ്പറമ്പ്, എടവനക്കാട്, ജോസ്പുരം, കുറ്റിപ്പുഴ, കാർഡിനൽ നഗർ, താബോർ, വിമലഗിരി, ഞാറക്കൽ, ചെങ്ങമനാട്, മള്ളുശ്ശേരി, കുറുമശ്ശേരി, തോട്ടുവ, ഉല്ലല, പുളിയനം, ചെറായി, നായരമ്പലം, കാക്കനാട്, കാലടി, രാജഗിരി, കപ്രശ്ശേരി, ഇല്ലിത്തോട്, എളങ്കുന്നപ്പുഴ, മൂക്കന്നൂർ, മഞ്ഞപ്ര, നായത്തോട്, താന്നിപ്പുഴ, താബോർ, ഈസ്റ്റ് ചേരാനല്ലൂർ, പീച്ചാനിക്കാട്, വൈക്കം, പഴങ്ങനാട്, പാറത്തെറ്റ, അന്നനാട്, വെസ്റ്റ് കൊരട്ടി, കോക്കുന്ന് നടുവട്ടം, കുറ്റിപ്പുഴ, പെരുമ്പാവൂർ, കുഴുപ്പിള്ളി, സെബിയൂർ, പ്രസന്നപുരം, കോടുശ്ശേരി, കോടനാട്, നടേൽ, ദേവഗിരി, അയ്യമ്പുഴ, കീഴ്മാട്, നീണ്ടൂർ, വെസ്റ്റ് ചേരാനല്ലൂർ, അമ്പലമേട് എന്നി വില്ലേജുകളിൽ രൂപീകരിച്ചു.

**ഹരിതകർമസേന പരിശീലനം**

അടിമാലി, കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ സേനാംഗങ്ങൾക്കുള്ള ത്രിദിന ശേഷി വികസന പരിശീലനം പഞ്ചായത്ത് ഹാളിൽ നടത്തി.

**സംഘം രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ വെസ്റ്റ് കൊരട്ടി, വളമംഗലം, നായത്തോട്, പീച്ചാനിക്കാട്, കപ്രശ്ശേരി, നടുവട്ടം എന്നീ വില്ലേജുകളിലായി പുതിയ സംഘങ്ങൾ രൂപീകരിച്ചു.

**പഠന സന്ദർശനം**

പെരുമ്പാവൂർ ജയഭാരത് കോളേജിലെയും, തൃക്കാക്കര കെ.എം.എം. കോളേജിലെയും സാമൂഹ്യ ശാസ്ത്ര വിദ്യാർത്ഥികൾ സഹൃദയയിൽ ഏകദിന പഠന സന്ദർശനം നടത്തി. സഹൃദയയുടെ വിവിധ പ്രവർത്തന വിഭാഗങ്ങളെക്കുറിച്ച് മനസിലാക്കി.

**ഫാസ്റ്റ്ഫുഡ് ഉദ്യമി പരിശീലനം ആരംഭിച്ചു**

സഹൃദയ, ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രമായ RSETI-എറണാകുളത്തിന്റെ സഹകരണത്തോടെ തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് പുത്തൻപള്ളി സെന്റ് ജോർജ് പാരീഷ് ഹാളിൽ പത്ത് ദിവസം നീണ്ടുനിന്ന ഫാസ്റ്റ് ഫുഡ് പരിശീലന പരിപാടി സംഘടിപ്പിച്ചു. 35 പേരാണ് RSETI പരിശീലനം നേടിയത്.

ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രമായ RSETI- എറണാകുളത്തിന്റെ സഹകരണത്തോടെ മൂക്കന്നൂർ പള്ളിയിൽ നടത്തിയ സ്വയംതൊഴിൽ പരിശീലന ക്ലാസ്സിൽ 75 പേര് പങ്കെടുത്തു.

**വിദ്യാദർശൻ തുടർ പരിശീലനം**

സഹൃദയ നടപ്പാക്കി വരുന്ന വിദ്യാദർശൻ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ചേർത്തല ഓഫിസിൽ പഠനമികവ് പരിശീലനം സംഘടിപ്പിച്ചു.

**ഹരിതകർമസേനാംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം**

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേനാംഗങ്ങൾക്ക് കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ത്രിദിന ശേഷി വികസന പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടത്തി.

**സ്വാതന്ത്ര്യദിനാചരണം**

എറണാകുളം ജില്ലാപഞ്ചായത്തും സഹൃദയയും സംയുക്തമായി ട്രാൻസ് ജെൻഡറുകളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന 'മാരിവില്ല് ട്രാൻസ് ജെൻഡർ ക്ലിനിക്ക്'-ന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യ ദിനാഘോഷം സംഘടിപ്പിച്ചു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 43 സംഘങ്ങളിലെ 293 അംഗങ്ങൾക്ക് സ്വയം തൊഴിൽ വിപുലീകരണത്തിനായി 2024 ആഗസ്റ്റ് മാസത്തിൽ 1,72,25,000 രൂപ വായ്പയായി വിതരണം ചെയ്തു.

**ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ പദ്ധതി**

സഹൃദയയുടെ നേതൃത്വത്തിൽ, ജർമൻ എംബസിയുടെ സഹകരണത്തോടെ അഞ്ച് പഞ്ചായത്തുകളിൽ നടപ്പാക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള നൈപുണ്യ വികസന, സ്വയം തൊഴിൽ പ്രോത്സാഹന പദ്ധതിയുടെ ശ്രീമൂലനഗരം പഞ്ചായത്തുതല ഉദ്ഘാടനം നടത്തി.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- Applications open for January and September 2025 intakesfor CANADA, AUSTRALIA, NEWZEALAND, UK, IRELAND AND EUROPEAN DESTIONATIONS.
- Opportunities for nursing studies abroad are open for January 2025.
- Germany offers an incredible opportunity for international students to receive top-notch education at public universities with no tuition fees!”
- IELTS offline & online classes (New batches on all Mondays).

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ്ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു. ഓഫ്ലൈൻ ആയും ഓൺലൈൻ ആയും പഠിക്കാവുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2024 സെപ്റ്റംബർ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ചുകൾ (A1, A2) സെപ്റ്റംബർ 2-നും, (B1, B2) സെപ്റ്റംബർ 17-നും ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ച് (A1, A2 & B1) സെപ്റ്റംബർ 18-ന് ആരംഭിക്കുന്നു.
3. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2024-2025).

4. സിവിൽ സർവീസ്ഔട്ട്റീച്ച്പ്രോഗ്രാമുകൾതുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **SEPTEMBER PROGRAMS**

1. UGC NET /JRF PAPER I& PAPER II -Offline (Batch for 2024 DECEMBER exam)
2. BANK (IBPS, PO, CLERK, SO) -offline (new admission all Mondays)
3. SSC (CGL, CHSL, MTS) - -offline (new admission all Mondays)
4. C MAT, K-MAT Offline (Admission for next Exams)
5. PSC Offline (new admission all Mondays)
6. IELTS Regular Offline & Online (All Mondays new batch)
7. PTE (Pearson Test of English)- Regular Offline & Online (All Mondays new batch)
8. COMMUNICATIVEENGLISH - Regular Offline & Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചുവരുന്ന Naipunnya International Angamaly Branch ൽ നിന്നും നിരവധി കുട്ടികൾ വിദേശവിദ്യാഭ്യാസം സാധ്യമാക്കിവരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

## ARCHDIOCESAN CORPORATE EDUCATIONAL AGENCY

**Renewal Centre, Azad Road, Kaloor, Kochi 682 017.**
*www.ernakulameducationcouncil.com • Mob: 7907106119*
*E-mail: ernakulameducation@gmail.com*

**കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി - ഗുരു**

അദ്ധ്യാപന നിലവാരമുയർത്തുന്നതിനു അദ്ധ്യാപകരുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കിയുമുള്ള'ഗുരു-പരിശീലനപദ്ധതി'യിൽ 108 അദ്ധ്യാപകർ സംബന്ധിച്ചു. എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് ഏജൻസി ചുണങ്ങംവേലി നിവേദിതയുമായി ചേർന്നു സംഘടിപ്പിച്ചിട്ടുള്ള ഒരു സംരംഭമാണിത്. രണ്ടു ദിവസത്തെ റെസിഡൻഷ്യൻ പ്രോഗ്രാമോടുകൂടി നവംബറിൽ പരിശീലന കോഴ്സ് അവസാനിക്കുന്നതാണ്.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

## കെ.സി.എസ്.എൽ. അതിരൂപതാക്യാമ്പ്

എറണാകുളം-അങ്കമാലി അതിരൂപതാ കെ.സി.എസ്.എൽ.-ന്റെ നേതൃത്വ പരിശീലന ക്യാമ്പ് കിഴക്കമ്പലം സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിൽ 2024 ഓഗസ്റ്റ് 19, 20 തീയതികളിൽ നടന്നു. മാർ തോമസ് ചക്യത്ത് ഉത്ഘാടനം നിർവഹിച്ചു. കെ.സി.എസ്.എൽ. അതിരൂപതാ ഡയറക്ടർ റവ.ഫാ. തോമസ് നങ്ങേലിമാലിൽ ആമുഖ പ്രസംഗം നടത്തി. കിഴക്കമ്പലം ഫൊറോനാ വികാരി റവ. ഫാ. ഫ്രാൻസിസ് അരീക്കൽ ആദ്ധ്യക്ഷ്യം വഹിച്ചു. ഫാ. ബെന്നി പാലാട്ടി, സോയി കളമ്പാട്ട്, പ്രിൻസിപ്പൽ ശ്രീമതി അഞ്ചു പ്രിയ ബി., വിദ്യാർത്ഥി പ്രതിനിധി കുമാരി ഗ്രേസ് ജിജോ, അതിരൂപതാ ഓർഗനൈസർ ശ്രീമതി അജി തോമസ്, ഫാ. ഏബിൾ പുതുശേരി, സി. റോസാന്റോ എഫ്.സി.സി. എന്നിവർ പ്രസംഗിച്ചു. 'മാഗ്നിഫിക്കാത്ത്' ടീം ക്ലാസ്സുകൾ നയിച്ചു. അതിരൂപതയിലെ

വിവിധ വിദ്യാലയങ്ങളിൽ നിന്നായി 175 കുട്ടികൾ പങ്കെടുത്തു. കിഴക്കമ്പലം സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ അനീറ്റ സ്റ്റീഫൻ അതിരൂപതാ ചെയർ പഴ്സൺ ആയി തിരഞ്ഞെടുക്കപ്പെട്ടു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

**ആഗസ്റ്റ് 2024**

04 വൈകിട്ട് അതിരൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെയും ചുണങ്ങംവേലി നിവേദിതയുടെയും സംയുക്ത ആഭിമുഖ്യത്തിൽ അധ്യാപകർക്കായി നടത്തുന്ന 'ഗുരു' എന്ന ട്രെയിനിംഗ് പ്രോഗ്രാം ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.

പെർമനന്റ് സിനഡ് യോഗത്തിൽ ഓൺലൈൻ ആയി പങ്കെടുത്തു.

05 രാവിലെ എറണാകുളം ബസിലിക്കയിൽ നടന്ന ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനത്തിലും അതിരൂപതാതല വിയാനി ദിനാഘോഷങ്ങളിലും ബഹുമാനപ്പെട്ട വൈദികരുടെ ജൂബിലി ആഘോഷത്തിലും തുടർന്ന് ചർച്ചകളിലും പങ്കെടുത്തു.

05-09 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ. സി. ബി. സി. ധ്യാനത്തിൽ പങ്കെടുത്തു.

06 വൈകിട്ട് കൈപ്ര ചാവറസദൻ കോൺവെന്റിൽ സി. ബൊറോമെയോ സി. എം. സി. യുടെ മൃതസംസ്കാരശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

12 ഉച്ചകഴിഞ്ഞ് സീറോമലബാർ അസംബ്ലിയിൽ അതിരൂപതയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നവരുടെ അരമനയിൽ നടന്ന യോഗത്തിൽ പങ്കെടുത്തു.

13 ഉച്ചകഴിഞ്ഞ് അരമനയിൽ ആലോചനാസമിതിയോഗത്തിൽ പങ്കെടുത്തു.

വൈകിട്ട് ആമ്പല്ലൂരിൽ വീട്ടിൽ വിശ്രമിക്കുന്ന ബഹുമാനപ്പെട്ട കുരിയാക്കോസ് കളപ്പുരയ്ക്കൽ അച്ചനെ സന്ദർശിച്ചു.

14 ഉച്ചകഴിഞ്ഞ് മംഗലപ്പുഴ പാറയ്ക്ക ശ്രീമതി ഇത്തമ്മ സേവ്യർ-ന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമ്മികത്വം വഹിച്ചു.

15 ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാവിലെ അരമനയിൽ ദേശീയപതാക ഉയർത്തി.

രാവിലെ തൃശൂർ പള്ളിക്കുന്ന് പള്ളിയിൽ ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.

16 വൈകിട്ട് മറ്റൂർ പള്ളിയിൽ ബഹുമാനപ്പെട്ട ജോസഫ് പുതുശ്ശേരി (M) അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

17 രാവിലെ ചുണങ്ങംവേലി നിവേദിതയിൽ കെ. സി. വൈ. എം. ന്റെ സംസ്ഥനസെനറ്റിൽ പങ്കെടുത്തു.

19–31 സീറോമലബാർ മെത്രാൻസിനഡിൽ പങ്കെടുത്തു.

22–25 പാലായിൽ നടന്ന അഞ്ചാമത് സീറോമലബാർസഭാ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുത്തു.

25 വൈകിട്ട് അരമനയിൽ എറണാകുളം ബസിലിക്ക കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 1-ാം തീയതി നടത്തുന്ന യുവജനസംഗമത്തിന്റെ (ആനന്ദം 2024) ലോഗോ പ്രകാശനം ചെയ്തു.

* * * * *



RNI No. 3421/57
Date of Publication: 01-09-2024
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org